ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മഹാത്മാഗാന്ധിയുടെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി രാജ്യം ഗാന്ധിജിയുടെ പാത പിന്തുടരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

   **Nation Pays Homage to Mahatma Gandhi and Lal Bahadur Shastri on His Birth Anniversary Today; PM Narendra Modi says that nation will follow Gandhiji's path to build a Viksit Bharat**

2. കര- വ്യോമ-നാവിക, അതിർത്തി രക്ഷാ സേനകൾ രാജ്യത്തിന്റെ ശക്തിയുടെ നെടും തൂണുകളെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്

   **Army, Air Force, Navy and Border Security Forces are pillars of the country's strength says Rajya Raksha Mantri Rajnath Singh**

3. പ്രകൃതി ദുരന്ത ആഘാത ലഘൂകരണത്തിനായി 9 സംസ്ഥാനങ്ങൾക്ക് 4645.60 കോടി രൂപ അനുവദിച്ച് കേന്ദ്രസർക്കാർ ; വയനാട് പുനർ നിർമാണത്തിന്

കേരളത്തിന് ലഭിക്കുക 260.56 കോടി രൂപയുടെ അധിക സഹായം

**Central government allocates a number of mitigation, recovery & reconstruction projects for 9 states having total outlay of Rs. 4645.60 crore; Kerala to get additional assistance of Rs 260.56 crore for Wayanad reconstruction**

4. ഇന്ന് വിജയ ദശമി, വിദ്യാരംഭ ചടങ്ങുകളിൽ ആദ്യക്ഷരം കുറിച്ച് ആയിരക്കണക്കിന് കുരുന്നുകൾ.

**Today is Vijaya Dashami; Thousands of children to get their first letter in Vidyarambha ceremonies**

5. അമേരിക്കൻ സർക്കാർ വകുപ്പുകളിൽ അടച്ചു പൂട്ടൽ. അവശ്യ സർവീസുകൾക്ക് മാത്രം പ്രവർത്തനാനുമതി

**The US government shut down at midnight ; Only essential services allows to operate.**

6. ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മത്സരം അഹമ്മദാബാദിൽ പുരോഗമിക്കുന്നു

**India-West Indies Test cricket first match underway in Ahmedabad.**

**PM VP- RAJGHAT**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാം ജന്മവാർഷികത്തിൽ, ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. രാജ്ഘട്ടിൽ സർവധർമ്മ പ്രാർത്ഥനാ സഭ നടന്നു. രാഷ്ട്രപതി

ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രി മനോഹർ ലാൽ എന്നിവർ, രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തി.

ധൈര്യവും ലാളിത്യവും എങ്ങനെ വലിയ മാറ്റത്തിന്റെ ഉപകരണങ്ങളായി മാറുമെന്ന് മഹാത്മാഗാന്ധി തെളിയിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഒരു വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി രാഷ്ട്രം അദ്ദേഹത്തിന്റെ പാത പിന്തുടരുമെന്നും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

**GANDHI JAYANTHI**

ഗാന്ധിജയന്തി ദിനം അന്താരാഷ്ട്രതലത്തിൽ അഹിംസാ ദിനമായും ആചരിച്ചുവരുന്നു. 2007 ജൂണിലാണ് , മഹാത്മാഗാന്ധിയുടെ ജന്മവാർഷികദിനത്തെ , അന്താരാഷ്ട്ര അഹിംസാ ദിനമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചത്. അഹിംസാ ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടി ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം കമ്മീഷൻ ഇന്ന് ന്യൂയോർക്കിൽ സംഘടിപ്പിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള ഇന്ത്യൻ മിഷനുകൾ ഗാന്ധിജി അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.

## RAHUL GANDHI-GANDHIJI

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി

മഹാത്മാ ഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സത്യം, അഹിംസ, ഐക്യം എന്നീ തത്വങ്ങളിലൂടെ ഗാന്ധിജി രാഷ്ട്രത്തെ ഒന്നിപ്പിച്ചുവെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

## PM- SHASTRI

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ 121-ാം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി .ലാൽ ബഹദൂർ ശാസ്ത്രി മികച്ച രാഷ്ട്രതന്ത്രജ്ഞൻ ആയിരുന്നുവെന്നും, ജയ് ജവാൻ, ജയ് കിസാൻ എന്ന അദ്ദേഹത്തിന്റെ ആഹ്വാനം ജനങ്ങൾക്കിടയിൽ ദേശസ്നേഹത്തിന്റെ ആവേശം ജ്വലിപ്പിച്ചതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## VP- SHASTRIJI TRIBUTE

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

ലാൽ ബഹദൂർ ശാസ്ത്രിയുടെ ജീവിതവും നേതൃത്വവും , ലാളിത്യം, സത്യസന്ധത എന്നിവയ്ക്ക് ഉദാഹരണമാണെന്നും, രാജ്യത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാൻ അദ്ദേഹം തലമുറകളെ

പ്രചോദിപ്പിച്ചതായും ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**AMIT SHAH**

പ്രകൃതി ദുരന്ത ആഘാത ലഘൂകരണത്തിനും , പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി കേരളം അടക്കം 9 സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാർ അധിക ധനസഹായം അനുവദിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയാണ് ദേശീയ ദുരന്ത ലഘൂകരണ ഫണ്ടിൽ നിന്ന് 4645.60 കോടി രൂപയുടെ ധനസഹായം അനുവദിച്ചത്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്നുള്ള പുനർ നിർമാണ പ്രവർത്തനങ്ങൾക്കായി കേരളത്തിന് 260.56 കോടി രൂപയുടെ അധിക സാമ്പത്തിക സഹായമാണ് ലഭിക്കുക . നഗരങ്ങളിലെ പ്രളയ അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ട നടത്തിപ്പിനായി തിരുവനന്തപുരം അടക്കം 11 നഗരങ്ങൾക്കും കേന്ദ്രം ,സാമ്പത്തിക സഹായം നൽകും.

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATH SINGH (INTRO)**

കര- വ്യോമ-നാവിക സേനാ വിഭാഗങ്ങളും ബി എസ്സ് എഫും രാജ്യത്തിന്റെ ശക്തിയുടെ നെടും തൂണുകളാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് . ഈ സേനാവിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമേ രാജ്യത്തിന് വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ കഴിയൂ

എന്നും അദ്ദേഹം പറഞ്ഞു . വിജയദശമിയോടനുബന്ധിച്ച് കച്ചിലെ ലക്കി നള മിലിട്ടറി ഗാരിസണിൽ ആയുധപൂജയിലും സായുധസേനയുടെ പരിശീലന പരിപാടിയിലും പങ്കെടുത്തശേഷം സംസാരിക്കുകയായിരുന്നു ശ്രീ സിംഗ്

(വോയിസ് )

സർ ക്രീക്ക് പ്രദേശത്ത് പാകിസ്ഥാന്റെ ഭാഗത്തുനിന്നുള്ള പ്രകോപനങ്ങൾക്ക് ശക്തമായ പ്രതികരണം നേരിടേണ്ടി വരുമെന്നും ശ്രീ രാജ്നാഥ് സിംഗ് വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**PM – RSS ARTICLE**

സമൂഹത്തെ സേവിക്കുകയും രാഷ്ട്രനിർമ്മാണത്തിന് സംഭാവന നൽകുകയും ചെയ്യുക എന്ന ദർശനത്തിലൂന്നിയാണ് ആർഎസ്എസ് പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ശതാബ്ദിയെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ തന്റെ ചിന്തകൾ പങ്കുവെയ്ക്കുകയായിരുന്നു

അദ്ദേഹം. അനേകം സ്വയംസേവകർ ഈ ദർശനം നിറവേറ്റുന്നതിനായി തങ്ങളുടെ ജീവിതം സമർപ്പിച്ചുവെന്നും ശ്രീ മോദി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**RSS –VIJAYADASHMI UTSAV**

സ്വയം പര്യാപ്തത കൈവരിക്കുന്നതിലൂടെയും ആഗോള ഐക്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിലൂടെയും, ആശ്രയത്വം ഒഴിവാക്കാൻ സാധിക്കുമെന്ന് രാഷ്ട്രീയ സ്വയംസേവക സംഘം സർസംഘ്ചാലക് മോഹൻ ഭാഗവത് . നാഗ്പൂരിലെ രേഷിംബാഗിൽ ഇന്ന് രാവിലെ ആർഎസ്എസിന്റെ ശതാബ്ദി ആഘോഷത്തിന്റെയും വിജയദശമി ഉത്സവത്തിന്റെയും ഭാഗമായി നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യങ്ങൾ തമ്മിലുള്ള ആശ്രയത്വം ഉറപ്പാക്കണമെന്നും അതിനായി അന്താരാഷ്ട്ര, വ്യാപാര ബന്ധങ്ങൾ നിലനിർത്തേണ്ടത് പ്രധാനമാണെന്നും ശ്രീ മോഹൻ ഭാഗവത് അഭിപ്രായപ്പെട്ടു. പരിപാടിയിൽ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് മുഖ്യ അതിഥിയായിരുന്നു .

## VIJAYADASAMI

രാജ്യമെമ്പാടും ഇന്ന് വിജയദശമി അഥവാ ദസറ ആഘോഷിക്കുന്നു. നവരാത്രിയുടെയും ദുർഗ്ഗാ പൂജയുടെയും പരിസമാപ്തിയും ഈ ദിനം അടയാളപ്പെടുത്തുന്നു. തിന്മയുടെ മേൽ നന്മയുടെ വിജയം സൂചിപ്പിച്ചുക്കൊണ്ട്, രാവണനുമേൽ ശ്രീരാമൻ നേടിയ വിജയത്തെ അനുസ്മരിപ്പിക്കുന്നതിനായാണ് ഈ ഉത്സവം ആഘോഷിക്കുന്നത്. ഡൽഹിയിൽ നടക്കുന്ന ദസറ

ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**VIJAYADASAMI-KERALA**

വിജയ ദശമി ദിനത്തിലെ വിദ്യാരംഭ ചടങ്ങുകളിൽ ആയിരക്കണക്കിന് കുരുന്നുകൾ ആദ്യക്ഷരം കുറിച്ചു. സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ കുട്ടികളെ എഴുത്തിനിരുത്തി. തിരുവനന്തപുരം പൂജപ്പുര നവരാത്രിമണ്ഡപം, ശ്രീപദ്മനാഭസ്വാമി ക്ഷേത്രം എന്നിവിടങ്ങളിൽ വിദ്യാരംഭച്ചടങ്ങുകൾ നടന്നു. തിരൂർ തുഞ്ചൻ പറമ്പിൽ പാരമ്പര്യ എഴുത്താശാന്മാരുടെ നേതൃത്വത്തിൽ വിദ്യാരംഭച്ചടങ്ങുകൾ നടന്നു. കോട്ടയം പനച്ചിക്കാട് സരസ്വതി ക്ഷേത്രത്തിൽ പുലർച്ചെ 4 മണിമുതൽ വിദ്യാരംഭചടങ്ങുകൾ ആരംഭിച്ചു. വൈകിട്ട് 4 വരെയാണ് ചടങ്ങ്.

❁❁❁❁❁❁❁❁❁❁❁❁❁

**SEVA PARV- INTRO**

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, "നക്സൽ മുക്ത ഇന്ത്യ" എന്ന ലക്ഷ്യം നേടുന്നതിനായി കഴിഞ്ഞ 11 വർഷമായി നടത്തിവരുന്ന പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവപർവ്വിൽ ഇന്ന്.

*(മ്യൂസിക്)*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## SEVA PARV(VOICE)

ഇടതു തീവ്രവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. സർക്കാർ പദ്ധതികൾ 100 ശതമാനം നടപ്പിലാക്കുന്നതിലൂടെ, നക്സൽ ബാധിത പ്രദേശങ്ങളുടെ പൂർണ്ണ വികസനത്തിനുള്ള നടപടികൾ ഊർജിതമാക്കിയിട്ടുണ്ട്. ആ പ്രദേശങ്ങൾ ഇപ്പോൾ ഹരിത വികസനത്തിന്റെ ഇടനാഴികളായി മാറിയതായി സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

*( P M ഹോൾഡ് വോയിസ് )*

വിവിധ നടപടികളിലൂടെ കഴിഞ്ഞ 11 വർഷ കാലയളവിൽ നക്സൽ അക്രമ സംഭവങ്ങൾ 53 ശതമാനം കുറയ്ക്കാനായി. അടുത്ത വർഷം മാർച്ച് 31 ഓടെ രാജ്യത്തു നിന്ന് നക്സലിസം പൂർണ്ണമായും ഇല്ലാതാക്കുവാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## GANDHI JAYANTHI-RAILWAY

ഗാന്ധി ജയന്തിയോടനുബന്ധിച്ച് തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ ഓഫീസിന്റെ നേതൃത്വത്തിൽ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ സ്വച്ഛതാ ഹി സേവാ പരിപാടി സംഘടിപ്പിച്ചു.

പരിപാടിയോടനുബന്ധിച്ച് നടന്ന വാക്കത്തോൺ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രാകർ ഫ്ലാഗ് ഓഫ് ചെയ്തു.

## US GOVT- SHUT DOWN

യുഎസിൽ സർക്കാർ വകുപ്പുകളിൽ 'ഷട്ട്ഡൗൺ'. ഇന്നലെ അർധരാത്രിയാണ് അടച്ചുപൂട്ടൽ നിലവിൽ വന്നത് ഒബാമാ കെയറിനുള്ള അധിക സബ്സിഡി സംബന്ധിച്ച വിഷയത്തിൽ റിപ്പബ്ലിക്കൻ- ഡെമോക്രാറ്റ് പാർട്ടികൾക്ക് സമവായത്തിൽ എത്താനാകാത്തതാണ് ഷട്ട്ഡൗണിന് കാരണം . ഇതോടെ യുഎസിലെ എല്ലാ സർക്കാർ വകുപ്പുകളും സ്തംഭിക്കും. അവശ്യ സർവീസുകൾ മാത്രമായിരിക്കും ഇനി പ്രവർത്തിക്കുക. അതേസമയം യുഎസ് സർക്കാരിന്റെ സ്തംഭനത്തിന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് ഡെമോക്രാറ്റുകളെ കുറ്റപ്പെടുത്തി.

## TEST SERIES - IND VS WI (AT LUNCH)

അഹമ്മദാബാദിൽ നടക്കുന്ന ആദ്യ ടെസ്റ്റ് മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ , വെസ്റ്റ് ഇൻഡീസ് ആറ് വിക്കറ്റ് നഷ്ടത്തിൽ 134 റൺസ് എന്ന നിലയിൽ . ടോസ് നേടിയ വെസ്റ്റ് ഇൻഡീസ് ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. പരമ്പരയിലെ രണ്ടാമത്തെ ടെസ്റ്റ് മത്സരം ഈ മാസം 10 മുതൽ ഡൽഹിയിൽ നടക്കും.

## PM KHARGE

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമായി സംസാരിച്ച് അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി അന്വേഷിച്ചു. വേഗത്തിൽ സുഖം

പ്രാപിക്കട്ടെയെന്നും അദ്ദേഹത്തിന്റെ ആരോഗ്യത്തിനും ദീർഘായുസ്സിനും വേണ്ടി പ്രാർത്ഥിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

**PREZ- PANDIT CHANNULAL MISHRA**

സുപ്രസിദ്ധ ക്ലാസിക്കൽ ഗായകൻ പണ്ഡിറ്റ് ചന്നുലാൽ മിശ്രയുടെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ദുഃഖം രേഖപ്പെടുത്തി. ഇന്ത്യൻ സംഗീതത്തിന് നികത്താനാവാത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ വിയോഗമെന്ന് ശ്രീമതി മുർമു സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു.